**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1402** **06.03.2018 ലെ മറുപടിയ്ക്ക്**

**നഗരസഭാ ജീവനക്കാർക്ക് പി.എഫ്.ക്രഡിറ്റ് കാർഡ് വിതരണം**

ചോദ്യം
ശ്രീ.മോൻസ് ജോസഫ്
ശ്രീ.പി.ജെ.ജോസഫ്
ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ.ജയരാജ്

ഉത്തരം
ഡോ. കെ.റ്റി. ജലീൽ,
(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മുൻസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ പി.എഫ്.ക്രഡിറ്റ് കാർഡ് വിതരണത്തിനുണ്ടാകുന്ന കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത ക്രഡിറ്റ് കാർഡ് എല്ലാ ജീവനക്കാർക്കും എന്നുമുതൽ കൊടുത്തു തീർക്കും എന്നറിയിക്കാമോ; | (എ) | കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ റഗുലർ വിഭാഗം ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ പൂർണ്ണമായും 'സ്ഥാപന' സോഫ്റ്റ് വെയറിലൂടെയാണ് നടപ്പാക്കുന്നത്. അതത് നഗരസഭകളാണ് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ ഈ സോഫ്റ്റ് വെയറിൽ എൻട്രി വരുത്തി അംഗീകാരത്തിനായി നഗരകാര്യ ഡയറക്ടർക്ക് അയയ്ക്കേണ്ടത്. എല്ലാ നഗരസഭകളിൽ നിന്നും ഡാറ്റാ എൻട്രി വരുത്തി നഗരകാര്യ ഡയറക്ടർക്ക് യഥാസമയം നൽകിയിട്ടില്ലാത്തതാണ് പി.എഫ്.ക്രഡിറ്റ് കാർഡിന്റെ വിതരണവുമായി ബന്ധപ്പെട്ട കാലതാമസത്തിനുള്ള കാരണം. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങൾ എല്ലാ നഗരസഭകളിൽ നിന്നും ലഭ്യമാക്കിയാലുടൻ തന്നെ ക്രഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതാണ്. |
| (ബി) | നഗരസഭാ ജീവനക്കാർക്കുള്ള ക്രഡിറ്റ് കാർഡ് വിതരണത്തിന്റെ ചുമതല ഏത് ഏജൻസിയെയാണ് ഏർപ്പെടുത്തിയിരിക്കുന്നത്; ഈ ഏജൻസി പ്രസ്തുത ചുമതല ഏറ്റെടുത്തിട്ട് എത്രവർഷമായി എന്നും അറിയിക്കാമോ; | (ബി) | നഗരസഭാ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്രഡിറ്റ് കാർഡ് തയ്യാറാക്കുന്നതിനുള്ള ചുമതല നഗരകാര്യ വകുപ്പിനാണ്. ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയിട്ടുള്ള 'സ്ഥാപന' സോഫ്റ്റ് വെയറാണ് ഈ ആവശ്യത്തിനായി ഉപയോഗിച്ചുവരുന്നത്. ഈ സോഫ്റ്റ് വെയർ 2010 മുതൽ നഗരകാര്യ വകുപ്പിൽ ഉപയോഗിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | ക്രഡിറ്റ് കാർഡ് വിതരണത്തിൽ എത്ര ശതമാനം പുരോഗതി ഇതുവരെ ഉണ്ടായിട്ടുണ്ട്; പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ഇനിയെത്ര വർഷം വേണം എന്നറിയിയ്ക്കാമോ; | (സി) | കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ റഗുലർ വിഭാഗത്തിൽ 5786 ജീവനക്കാർ നിലവിലുള്ളതിൽ, 4317 പേരുടെ ക്രഡിറ്റ് കാർഡ് തയ്യാറാക്കിയിട്ടുണ്ട്. 31/03/2018 നകം റഗുലർ വിഭാഗം ജീവനക്കാരുടെ ക്രഡിറ്റ് കാർഡ് തയ്യാറാക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. |
| (ഡി) | സംസ്ഥാനത്തെ എല്ലാ നഗരസഭകളും ജീവനക്കാരുടെ പി.എഫിൽ നിന്നും പിടിക്കുന്ന തുക നഗരകാര്യ ഡയറക്ടർ ഓഫീസിൽ ഒടുക്കുന്നുണ്ടോ; പ്രസ്തുത തുക ജീവനക്കാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് ഉണ്ടാക്കിയിട്ടുള്ള സോഫ്റ്റ് വെയർ അപ്പ് ലോഡ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ? | (ഡി) | 2005 ലെ സി.പി.എഫ് ചട്ടപ്രകാരം ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക അതാത് മാസം 15-ാം തീയതിയ്ക്കകം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. എന്നാൽ നെയ്യാറ്റിൻകര, വൈക്കം, വടക്കൻ പറവൂർ നഗരസഭകളിൽ നിന്ന് തുക അടയ്ക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. നഗരസഭകളിൽ നിന്ന് അടയ്ക്കുന്ന തുക ജീവനക്കാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പി.എഫ് വരിസംഖ്യ, വായ്പാ തിരിച്ചടവ് എന്നീ ഇനങ്ങളിൽ പിടിക്കുന്ന തുക സംബന്ധിച്ച വിവരങ്ങൾ 'സ്ഥാപന' സോഫ്റ്റ് വെയറിൽ ബന്ധപ്പെട്ട നഗരസഭകൾ എൻട്രി വരുത്തുന്നു. |

സെക്ഷൻ ഓഫീസർ